**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല – കൊണ്ടോട്ടി മുനിസിപ്പാലിറ്റി - കല്ലറാംകൊറ്റി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പരാതി അന്വേഷണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ.എസ്.മോഹൻദാസിനെ ചുമതലപ്പെടുത്തിയും, കൗൺസിൽ തീരുമാനം താത്ക്കാലികമായി നിർത്തിവെച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1679/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 21/06/2018

പരാമർശം:- കൊണ്ടോട്ടി മുനിസിപ്പാലിറ്റി കൗൺസിലർ അഡ്വ.കെ.കെ സമദിന്റെ കത്ത്.

**ഉത്തരവ്**

കൊണ്ടോട്ടി നഗരസഭയിലെ 26- ാം വാർഡിൽ 2016-17 വാർഷിക പദ്ധതിയുടെ ഭാഗമായി കല്ലറാംകൊറ്റി കുടിവെള്ള പദ്ധതി എന്ന പേരിൽ ഇരുപത് ലക്ഷം രൂപയുടെ പദ്ധതി ആരംഭിക്കുകയുണ്ടായിയെന്നും, 26/03/2018 ന് ചേർന്ന മുനിസിപ്പൽ കൗൺസിൽ യോഗം 12- ാം നമ്പർ അജണ്ടയായി 'താത്ക്കാലികമായി നാല് പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിന്' തീരുമാനമെടുത്തുവെന്നും, പദ്ധതി പൂർത്തീകരിച്ച്, ഗുണഭോക്താക്കൾ ഗുണഭോക്തൃസമിതി ഉണ്ടാക്കി നടത്തി വരേണ്ട ഒരു കുടിവെള്ള പദ്ധതിയിൽ നിന്നും പൊതു ടാപ്പ് നൽകുന്നത് പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾക്കും ഇടവരുത്തുമെന്നും, വാർഡ് സഭാ തീരുമാനവും ഇക്കാര്യത്തിലുള്ള ഗവൺമെന്റ് ഓർഡറുകളും മറികടന്നാണ് കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളതെന്നും ആയതിനാൽ കല്ലറാംകൊറ്റി കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയും നിയമ വിരുദ്ധമായി കൗൺസിൽ പാസാക്കിയ 26/03/2018 ലെ 12- ാം നമ്പർ തീരുമാനം റദ്ദാക്കിയും ഉത്തരവുണ്ടാകണമെന്ന് പരാമർശ കത്ത് പ്രകാരം കൊണ്ടോട്ടി മുനിസിപ്പാലിറ്റി കൗൺസിലർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി പരാതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്.മോഹൻദാസിനെ ചുമതലപ്പെടുത്തിയും, അതിൻമേൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതുവരെ, 26.03.2018 ലെ 12-ാം നമ്പർ കൗൺസിൽ തീരുമാനം നടപ്പാക്കുന്നത് കേരള മുനിസിപ്പൽ ആക്ട് 57(4) പ്രകാരം താത്കാലികമായി നിർത്തി വെച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി / ചെയർമാൻ, കൊണ്ടോട്ടി മുനിസിപ്പാലിറ്റി, കൊണ്ടോട്ടി പി.ഒ, മലപ്പുറം - 673638.
അഡ്വ.കെ.കെ.സമദ്, കൗൺസിലർ, 26-ാം വാർഡ്, കൊണ്ടോട്ടി മുനിസിപ്പാലിറ്റി.
ശ്രീ.എസ്.മോഹൻദാസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ